## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.29 — 26.02.2018 ൽ മറുപടിയ്ക്ക്

### സിവിൽസപ്ലൈസ് കോർപ്പറേഷന്റെ ടെണ്ടർ നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.എൽദോ എബ്രഹാം | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) മാവേലി ഔട്ട് ലെറ്റുകൾ വഴി വിൽപ്പന നടത്തുന്നതിനായുള്ള അവശ്യസാധനങ്ങളുടെ സംഭരണത്തിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തി വരുന്ന ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) എല്ലാ മാസവും കേന്ദ്രീകൃത സംവിധാനം വഴി ഇ-ടെൻഡർ മുഖേനയാണ് അരി, പഞ്ചസാര എന്നിവ ഉൾപ്പെടെയുള്ള 26 ഇനം പലവ്യഞ്ജന സാധനങ്ങൾ വാങ്ങുന്നത്. ടെണ്ടർ നിബന്ധന പ്രകാരം ഗുണമേന്മയുള്ള സാധനങ്ങളാണ് വിൽപ്പനശാലകൾ വഴി വിതരണം നടത്തുന്നത്. നിശ്ചിത ഗുണനിലവാരമില്ലാത്ത സാധനങ്ങൾ വിതരണം നടത്തുന്നവർക്കെതിരെ ടെണ്ടർ നിബന്ധനകൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഏറ്റവും സുതാര്യമായ ഡിജിറ്റൽ കീ സംവിധാനത്തോട് കൂടിയ ഇ-ടെൻഡർ മുഖാന്തിരം സാധനങ്ങൾ വാങ്ങിക്കുന്നതിനാൽ സുതാര്യത ഉറപ്പ് വരുത്തി ഏറ്റവും കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വാങ്ങി ദൗർലഭ്യമില്ലാതെ യഥാസമയം വിതരണം നടത്തുവാൻ സാധിക്കുന്നു. |
| (ബി) ടെണ്ടർ ഒഴിവാക്കി ഔട്ട് ലെറ്റ് മാനേജർ, ഡിപ്പോ മാനേജർ എന്നിവർ നേരിട്ട് വാങ്ങുന്ന സാധനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) ടെണ്ടർ ഒഴിവാക്കി ഔട്ട് ലെറ്റ് മാനേജർ, ഡിപ്പോ മാനേജർ എന്നിവർ നേരിട്ട് സാധനങ്ങൾ വാങ്ങുന്നില്ല. |
| (സി) അമിതവിലക്കയറ്റം ഉണ്ടാകുന്ന സാഹചര്യങ്ങളിൽ ടെണ്ടർ ഒഴിവാക്കി അതത് സാധനങ്ങൾ ഉൽപാദന കേന്ദ്രങ്ങളിൽ നിന്ന് കോർപ്പറേഷൻ നേരിട്ട് സംഭരിക്കുന്നതിന് സംവിധാനം ഒരുക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) അമിത വിലക്കയറ്റം വരുമ്പോൾ സാധനങ്ങളുടെ ലഭ്യത കൂടുതൽ ഉറപ്പാക്കേണ്ട സാഹചര്യങ്ങളിൽ ഭക്ഷ്യധാന്യങ്ങൾ ഉത്പാദന കേന്ദ്രങ്ങളിൽ നിന്ന് നേരിട്ട് സംഭരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ